# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മരിയാപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-926/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 07/10/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മരിയാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-926/2023 തീയ്യതി: 07/10/2023

## ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-03-2023 മുതൽ 23-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 24-07-2023 | 27-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-07-2023 | 27-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി.എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. എം.എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീ. സാമുവൽ രാജ് ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജോയ്സൺ സി.ജെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡെന്നീസ് ജെസഫ്, ഓഡിറ്റർ
ശ്രീ. സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ജിൻസി ജോയ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.വിനുകുമാർ.എസ്.പി | സെക്രട്ടറി | 01-04-2022 | 10-10-2022 |
| ശ്രീ.സുരേഷ് സാമുവൽ | സെക്രട്ടറി | 11-10-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ചിത്രലേഖ.ജി | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.അജിമോൻ.കെ | കൃഷി ഓഫിസർ | 01-04-2022 | 29-07-2022 |
| ശ്രീമതി. ലിനറ്റ് ജോർജ്ജ് | കൃഷി ഓഫിസർ | 30-07-2022 | 05-08-2022 |
| ശ്രീമതി.ഷൈമി ചെറിയാൻ | കൃഷി ഓഫിസർ | 06-08-2022 | 31-03-2023 |
| ശ്രീ.ഷാജു.പി.യു | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 01-04-2022 | 21-10-2022 |
| ശ്രീമതി.ഷീജ.വി.റ്റി | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 22-10-2022 | 31-03-2023 |
| ശ്രീമതി.ആര്യ രമേഷ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.എം കുമാർ | ഹെഡ്മാസ്റ്റർ.ജി.എൽ.പി.എസ്.കരിമ്പൻ | 01-04-2022 | 04-07-2022 |
| ശ്രീ. രഘുപതി എം . | ഹെഡ്മാസ്റ്റർ,<br>ജി.എൽ.പി.എസ്.കരിമ്പൻ | 05-07-2022 | 31-03-2023 |
| ഡോ. ജോഷിദേവ്.എസ് | മെഡിക്കൽ ഓഫിസർ, എഫ്.എച്ച്.സി. | 01-04-2022 | 31-03-2023 |
| ഡോ. പ്രൈസ് അനി അബ്രഹാം | മെഡിക്കൽ ഓഫിസർ, ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ.അതുൽ മോഹൻ | വെറ്ററിനറി സർജൻ | 01-04-2022 | 30-06-2022 |
| ഡോ.കമല്യ എസ് കുമാർ | വെറ്ററിനറി സർജൻ | 01-07-2022 | 31-03-2023 |
| ശ്രീ. കിരൻ ജോസ്.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സ**ർ**ട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റ**ർ** കാലികമാക്കിയില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | പ്രതിമാസ ബാങ്ക് റിക്കൺസിലേഷൻ പത്രിക തയ്യാറാക്കുന്നില്ല | 1-1-4 |
| 6 | വാർഷിക കണക്കുകളിലെ തുകകളും അതാത് ഡിമാന്റ് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് എ**ൻ**ട്രികൾ രേഖപ്പെടുത്തിയില്ല. | 1-1-7 |
| 9 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-8 |
| 10 | തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | ഗ്രാന്റ് വിനിയോഗം | 1-3 |
| 14 | പദ്ധതി അവലോകനം | 1-4 |
| 15 | ആസ്തിപരിപാലനം | 1-4-1 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 17 | ക്ഷേമപദ്ധതികൾ | 1-6 |
| 18 | ക്യാഷ് പരിശോധന | 1-7 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 20 | അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടുകൾ | 1-9 |
| 21 | തനത് വിഭവ സമാഹരണം -അവലോകനം | 1-10 |
| 22 | എല്ലാ സ്ഥാപനങ്ങളെയും ലൈസ**ൻ**സിന്റെ പരിധിയി**ൽ** കൊണ്ടുവരാ**ൻ** സാധിച്ചിട്ടില്ല | 1-11 |
| 23 | ഇ-ടെണ്ടർ തുക ജില്ലാപഞ്ചായത്തിൽ അവശേഷിക്കുന്നു. | 1-12 |
| 24 | പാലിയേറ്റീവ് കെയർ പ്രൊജക്ട്- വാഹനം വാടകയ്ക്ക് എടുത്തത് | 1-13 |
| 25 | ഔഷധങ്ങൾ ലഭ്യമാക്കി വിതരണം ചെയ്തിട്ടില്ല | 1-14 |
| 26 | മാർഗ്ഗ രേഖക്ക് വിരുദ്ധമായി പദ്ധതി ഏറ്റെടുത്തു നടപ്പിലാക്കി | 1-15 |
| 27 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് പാലിന് സബ്സിഡി അനുവദിച്ചു | 1-16 |
| 28 | ജി.എസ്.ടി.ക്ക് അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി അധികമായി നൽകി | 1-17 |
| 29 | ചെലവു തുകയി**ൽ** നിന്നും റ്റി.ഡി.എസ്. കുറവ് ചെയ്തില്ല | 1-18 |
| 30 | വാർദ്ധക്യകാല പെൻഷൻ - മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ യഥാസമയം റദ്ദ് ചെയ്തില്ല | 1-19 |
| 31 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല- ചെലവ് തടസ്സം | 1-20 |
| | ഭാഗം **2** | |

| | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023-ലെ 1(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 30.06.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മരിയാപുരം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ — ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 07.10.2023 — ജില്ല ഓഡിറ്റ് കാര്യാലയം, ഇടുക്കി

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1) 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2) വാർഷിക കണക്കുകളോടൊപ്പം സമർപ്പിക്കേണ്ട B1 -ഷെഡ്യൂൾ സമർപ്പിച്ചിട്ടില്ല. തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

1) ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.
2) ആർജിക്കുന്ന ആസ്തികളുടെ (കെട്ടിടങ്ങൾ, റോഡ്, കൾവർട്ട്) മൂല്യം കൃത്യമായി തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. 2019-20 വർഷത്തെ ആസ്തികളുടെ മുന്നിരിപ്പും, നീക്കിയിരിപ്പുമാണ് 2022-23 വർഷത്തെ മുന്നിരിപ്പും, നീക്കിയിരിപ്പുമായി ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആർജിച്ച അസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (2205419), പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും

തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (-809880) പൊരുത്തപ്പെടുന്നില്ല.

1-1-4 പ്രതിമാസ ബാങ്ക് റിക്കൺസിലേഷൻ പത്രിക തയ്യാറാക്കുന്നില്ല

എല്ലാ ബാങ്ക് അക്കൗണ്ടുകൾക്കും പ്രതിമാസ ബാങ്ക് റിക്കൺസിലേഷൻ പത്രിക തയ്യാറാക്കി തുകകൾ പൊരുത്തപ്പെടുത്തിയിട്ടില്ല.

1-1-5 വാർഷിക കണക്കുകളിലെ തുകകളും അതാത് ഡിമാന്റ് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ
4. വാടക ഡിമാന്റ് രജിസ്റ്റർ
5. ലൈബ്രറി രജിസ്റ്റർ
6. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
7. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ
8. ആസ്തി രജിസ്റ്റർ

1-1-6 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള തുകകളുടെ കൃത്യത ഉറപ്പുവരുത്താനായില്ല.

1-1-7 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2023 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

1-1-8 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ജേണൽ വൗച്ചറുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

1-1-9 തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല

ആസ്തികളുടെ തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

1-1-10 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

B4 ഷെഡ്യൂൾ പ്രകാരമുള്ള തുകകൾ B17 ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 17/03/2022 ലെ 1-ാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. 30/03/2022 ലെ 1-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം നേടി. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 2022-23-ലെ ബജറ്റ് | 2022-23 ലെ പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 17/03/2022 ലെ 1-ാം നമ്പർ തീരുമാനം | 24/02/2023 ലെ 1-ാം നമ്പർ തീരുമാനം |
| പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം | 30/03/2022 ലെ 2(1)-ാം നമ്പർ തീരുമാനം | 9/03/2023 ലെ 4-(1)-ാം നമ്പർ തീരുമാനം |
| മുന്നിരിപ്പ് | ₹836529/- | ₹836529/- |
| വരവ് | ₹167436425/- | ₹178709043/- |

| | | |
|---|---|---|
| ആകെ വരവ് | ₹168272954/- | ₹179545572/- |
| ആകെ ചെലവ് | ₹167436425/- | ₹178760535/- |
| മിച്ചം | ₹827529/- | ₹785037/- |

1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതുവിഭാഗം | | 1632900 | 1632900 | 1477808 | |
| | പട്ടിക ജാതി വിഭാഗം | | 1385000 | 1385000 | 1285109 | |
| | പട്ടിക വർഗ്ഗ വിഭാഗം | | 86000 | 86000 | 86000 | |
| സംരക്ഷണ ഗ്രാന്റ് | റോഡ് | | 5935000 | 5935000 | 5410934 | |
| | റോഡിതരം | | 4570000 | 4570000 | 4050960 | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഉപാധി രഹിതം | 861065 | 2637159 | 3498224 | 2683902 | 814322 |
| | ഉപാധി | 1994941 | 4680737 | 6675678 | 3818612 | 2857066 |
| ഹെൽത്ത് ഗ്രാന്റ് | | 0 | 453019+6408 | 459427 | 0 | 459427 (6408 പലിശ) |
| ഐ.സി.ഡി.എസ്. | | 193042 | 768452 | 961494 | 256917 | 704577 |
| ടോട്ടൽ സാനിറ്റേഷൻ പരിപാടി (PBIG) | | 450079 | 5000 | 455079 | 90000 | 365079 |
| ശുചിത്വ മിഷൻ | | 32288 | 5000 | 37288 | 5000 | 32288 |
| എസ്.എസ്.എ. | | 16314 | 1980 | 18294 | 0 | 18294 |
| നിർമൽ പുരസ്കാരം | | 228118 | 0 | 228118 | 0 | 228118 |
| വെള്ളപ്പൊക്ക ദുരിതാശ്വാസം | | 42 | 0 | 42 | 0 | 42 |
| സാക്ഷരത | | 17347 | 18 | 17365 | 0 | 17365 |
| ജലനിധി | | 914781 | 0 | 914781 | 901561 | 13220 |
| മറ്റ് ഫണ്ടുകൾ | പ്രത്യേക ഉദ്ദേശ ഗ്രാന്റ് (വിശദവിവരം ലഭ്യമല്ല) | 0 | | | | 0 |
| | ബി.എം.സി. | 0 | 0 | | 0 | 0 |
| | ആയുഷ് മിഷൻ | 0 | 950000 | | 0 | 950000 |
| | ബയോ ഡൈവേഴ്സിറ്റി | 446300 | 13424 | | 14000 | 445724 |
| | സ്വച്ച് ഭാരത് (ഒ.ഡി.എഫ്) | ० | 120000 | | 00 | 120000 |
| പഞ്ചായത്ത് ദുരിതാശ്വാസം | | 5105 | 204 | 5309 | 10 | 5299 |
| ടോട്ടൽ സാനിറ്റേഷൻ സ്കീം | | 0 | 210000 | 210000 | 0 | 210000 |

1-4 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം ഉത്തരവ് നം.677/22/DPC/DPO/IDK/25.04.2022 പ്രകാരം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ച പദ്ധതികൾ | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയ പദ്ധതികൾ | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 71735190 | 101 | 36396936 | 10 | 53 | 61.58 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്കുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 59 | 35 | 9442753 | 5361112 | 56.77 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 55 | 43 | 17916736 | 14821065 | 82.72 |
| കൃഷി ഓഫീസർ | 4 | 4 | 2941874 | 2906441 | 98.79 |
| വെറ്ററിനറി സർജൻ | 5 | 5 | 817860 | 533300 | 65.20 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 2 | 1433636 | 663385 | 46.27 |
| വി.ഇ.ഒ. | 15 | 15 | 32838259 | 7297819 | 22.22 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 7 | 3459072 | 2694973 | 77.91 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ | 4 | 2 | 365000 | 59120 | 16.19 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1725000 | 1389771 | 80.56 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 5 | 5 | 645000 | 519950 | 80.61 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 3 | 150000 | 150000 | 100 |

### 1-4-1 ആസ്തിപരിപാലനം

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2022-23 വർഷ പദ്ധതി രൂപീകരണത്തിനായി വ്യത്യസ്ത തീയതികളിൽ യോഗം ചേർന്നിരുന്നു. എന്നാൽ പ്രസ്തുത കമ്മറ്റി പതിനാലാം പദ്ധതി മാർഗ്ഗരേഖ – സ.ഉ.(കൈ) 84/2022/തസ്വഭവ തീയതി. 19.04.2023- ഖണ്ഡിക 3-1(ബി)(5) പ്രകാരം ആസ്തികളുടെ സ്ഥിതിവിവരകണക്ക് തയ്യാറാക്കുക, ഖണ്ഡിക 14 പ്രകാരം പദ്ധതികളുടെ നിർവ്വഹണ ഘട്ടത്തിൽ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. ആസ്തികളുടെ സ്ഥിതിവിവരത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ ആസ്തിപരിപാലന പ്ലാൻ, കലണ്ടർ എന്നിവ തയ്യാറാക്കി അംഗീകരിച്ചതിന് ശേഷം മാത്രമാണ് പദ്ധതികൾ തയ്യാറാക്കേണ്ടത്. മാത്രമല്ല ഖണ്ഡിക 14(4) ൽ നിർദ്ദേശിക്കും പ്രകാരം ആകെ പ്രോജക്ടുകളുടെ ഒരു ശതമാനം പ്രോജക്ടുകളെങ്കിലും റാൻഡം രീതിയിൽ തിരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കും പ്രകാരമുള്ള ഗുണ നിലവാര പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള യാതൊരു പ്രവർത്തനവും നടത്താതെ വാർഡ് തലത്തിൽ ഫണ്ട് വിഭജനം നടത്തുന്ന രീതിയാണ് അനുവർത്തിക്കുന്നത്.

മാത്രമല്ല നിലവിലുള്ളതും പുതുതായി സൃഷ്ടിക്കപ്പെടുന്നതുമായ ആസ്തികളുടെ മാനേജ്മെന്റ് സംബന്ധിച്ച് പ്രതിമാസ, അർദ്ധവർഷ, വാർഷിക അവലോകനങ്ങൾ നടത്തുന്നില്ല. കൂടാതെ അസറ്റ് രജിസ്റ്റർ അപ്ഡേഷൻ നടത്തിയതിൻമേലുള്ള ഭൗതിക പരിശോധന, മോണിട്ടറിംഗ്, റിവ്യൂ എന്നിവയും നടത്തുന്നില്ല.

വികസനഫണ്ട് പൊതുവിഭാഗവും ഫിനാൻസ് കമ്മീഷൻ ഗ്രാന്റും ഉപയോഗിച്ച് കെട്ടിടങ്ങൾ, റോഡ്, കൾവർട്ട്, നടപ്പാത എന്നിങ്ങനെയുള്ള പുതിയ ആസ്തികൾ നിർമ്മിക്കുകയും മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നിലവിലുള്ള ആസ്തികളുടെ മെച്ചപ്പെടുത്തലും നടത്തിയെങ്കിലും 2020-21, 2021-22, 2022-23 വർഷങ്ങളിൽ ആർജിച്ച/മെച്ചപ്പെടുത്തിയ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ ഇതിനായി തയ്യാറാക്കിയ സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേഷൻ വരുത്തുകയോ ചെയ്യുന്നില്ല. 2019-20 വർഷത്തെ ആസ്തികളുടെ മുന്നിരിപ്പ്, നീക്കിയിരിപ്പുമാണ് 2022-23 വർഷത്തിലും മുന്നിരിപ്പ്, നീക്കിയിരിപ്പുമായി ഉൾപ്പെടുത്തിയിരിക്കുന്നത്. ആസ്തി പരിപാലനം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 7/25.07.2023ന് മറുപടി ലഭ്യമാക്കിയില്ല. ആസ്തികളുടെ പരിപാലനം സംബന്ധിച്ച രജിസ്റ്ററുകൾ കാലികമാക്കേണ്ടതും സോഫ്റ്റ്‌വെയറിൽ പുതുക്കലുകൾ യഥാസമയം നടത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ/മോണിട്ടറിംഗ് സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുമാണ്.

### 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1038 | 4080336 | 4081374 | 4080374 | 1000 |
| തൊഴിലാളികളുടെ കൂലി /മെറ്റീരിയൽ ചെലവ് | 0 | 31167000 | 31167000 | 31167000 | 0 |

### 1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3318000 | 286 |
| വിധവാപെൻഷൻ | 4921800 | 399 |
| വാർദ്ധക്യകാലപെൻഷൻ | 9985200 | 840 |
| വികലാംഗപെൻഷൻ | 2111200 | 173 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 174400 | 15 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2023-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹1640/- (ആയിരത്തി അറുനൂറ്റി നാൽപ്പത് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഓഡിറ്റ് വർഷം ILGMS സോഫ്റ്റ്‌വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. ഡേ ബുക്ക് കൃത്യമായി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട് എന്നാൽ പ്രസിഡന്റ് ഇവ ആധികാരികമാക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. സ്ഥാപനത്തിന് ISO സർട്ടിഫിക്കേഷൻ ലഭ്യമായത് തുടർന്നും പുതുക്കി ലഭ്യമായിട്ടുണ്ട്. സെക്രട്ടറി, ഹെഡ്ക്ലർക്ക്, അക്കൗണ്ടന്റ്, മൂന്ന് സീനിയർ ക്ലർക്ക്, മൂന്ന് ക്ലർക്ക്, രണ്ട് ഓഫീസ് അറ്റൻഡന്റ്, പി.റ്റി.എസ് എന്നിങ്ങനെയാണ് സ്റ്റാഫ് വിഭജനം.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

വാടക ഡിമാന്റ് രജിസ്റ്റർ

ലൈബ്രറി രജിസ്റ്റർ

പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

ആസ്തി രജിസ്റ്റർ കൃത്യത വരുത്തി പരിപാലിക്കുന്നില്ല.

## 1-9 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടുകൾ

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ രണ്ട് ബാങ്ക് അക്കൗണ്ടുകളുണ്ട്. ഇ-ടെണ്ടർ ഇടപാടുകൾ നടത്തുന്നതിനായി എസ് ബി ഐ പൈനാവ് ശാഖയിലുള്ള 37113015972 നമ്പർ അക്കൗണ്ട്, മുൻപ് ആരംഭിച്ചതും നിലവിൽ ഇടപാടുകൾ നടത്താത്തതുമായ യൂണിയൻ ബാങ്ക് തങ്കമണി ശാഖയിലുള്ള 427702010017022 നമ്പർ അക്കൗണ്ട് എന്നിവയാണിവ. എസ്.ബി.ഐ. യിൽ 31.03.2023-ലെ നീക്കിയിരിപ്പ് ₹118857/- ആണ്. എന്നാൽ യൂണിയൻ ബാങ്കിലെ നീക്കിയിരിപ്പിൽ ബാങ്ക് സ്റ്റേറ്റ്മെന്റ്, പാസ്ബുക്ക് എന്നിവയിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | പാസ്ബുക്ക പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 31.03.2023 | ₹10219 | ₹15957.71 |
| 02.07.2023 | ₹10578.71 | ₹16100.71 |

ഒരേ സ്ഥാപനം തന്നെ നൽകിയിരിക്കുന്ന വ്യത്യസ്തരേഖകളിൽ ഇത്തരത്തിൽ വ്യത്യാസം വന്നതിന്റെ കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നമ്പർ 9/26.07.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വ്യത്യാസത്തിന്റെ കാരണം കണ്ടെത്തി അറിയിക്കേണ്ടതാണ്. കൂടാതെ ഇടപാടുകൾ നടത്താത്ത അക്കൗണ്ട് ക്ലോസ്ചെയ്ത് പ്രസ്തുത തുകയും ഇ-ടെണ്ടറിനായുള്ള അക്കൗണ്ടിലെ തുകയും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് നിക്ഷേപിക്കേണ്ടതാണ്.

## 1-10 തനത് വിഭവ സമാഹരണം -അവലോകനം

ഇൻസെന്റീവ് ഗ്രാന്റ്

ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തത് പ്രകാരം തനത് വരുമാനം (നികുതി നികുതിയേതര വരുമാനം) വർദ്ധിപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും 2021-22 സാമ്പത്തിക വർഷം മുതൽ ഇൻസെന്റീവ് ഗ്രാന്റ് നൽകി വരുന്നുണ്ട്. സംസ്ഥാന ബജറ്റിൽ വികസന ഫണ്ടിന്റെ ഭാഗമായി നീക്കിവെയ്ക്കുന്ന പൊതു വിഭാഗം സാധാരണ വിഹിതം വിഭജിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ തനത് വരുമാന വർദ്ധനവിന് 15 ശതമാനം വെയിറ്റേജ് ആണ് നൽകിയിട്ടുള്ളത്. തനത് വരുമാനം വർദ്ധിപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും തനത് വരുമാന വർദ്ധനവിന് ആനുപാതികമായി കൂടുതൽ വിഹിതം ലഭിക്കും. ഇൻസെന്റീവ് ഗ്രാന്റിൽ നിന്നും പരമാവധി വിഹിതം നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ തനത് വരുമാനം (Own Source (Revenue) വർദ്ധിപ്പിക്കുവാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ യോഗങ്ങളിൽ ഒന്നും തന്നെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിലേക്കായി ഭരണ സമിതിക്ക് ശുപാർശകൾ നൽകുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിലേക്കുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും പ്രസ്തുത മാർഗ്ഗങ്ങൾ ഭരണസമിതിയിൽ അവതരിപ്പിച്ച നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

പഞ്ചായത്ത് സെക്രട്ടറി ഓരോ മാസവും പ്രതിമാസ അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പരിശോധിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്ത് ശുപാർശകൾ സഹിതം തൊട്ടടുത്ത് ചേരുന്ന ഭരണസമിതി യോഗത്തിൽ വയ്ക്കേണ്ടതാണ്(2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം (60).

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

• വിഭവസമാഹരണത്തിന്റെ വിവിധ ഭാഗങ്ങൾ, തലങ്ങൾ, പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട കടമകൾ നിർവ്വഹിക്കുന്നുണ്ടോ എന്ന പരിശോധിക്കണം

• വിഭവസമാഹരണത്തിലെ ചോർച്ച ഒഴിവാക്കാനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ നൽകണം

• കെട്ടിടങ്ങളുടേയും ഭൂമികളുടേയും സമ്പൂർണ്ണലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ പട്ടിക എന്നിവ തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

വിവിധ വരവിനങ്ങൾ

എ) തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് പരിപാലിക്കുന്നില്ല. തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായവരുടെ ഡാറ്റാബേസ് തയാറാക്കേണ്ടതും, ഡിമാൻഡ് നോട്ടീസ് നൽകി നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ബി) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

സി) വസ്തു നികുതി

മരിയാപുരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലിരിക്കുന്ന അടിസ്ഥാന നികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്ത കൂടിയതും കുറഞ്ഞതുമായ പരിധിക്ക് വിധേയമായി 01/04/2011 പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുള്ളതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം 01/04/2023 തീയതി മുതൽ തുടങ്ങുന്ന 5 വർഷക്കാലയളവിൽ ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ 05/04/2023-ലെ സ.ഉ. (അച്ചടി) 25/2023/LSGD നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 8/5/2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതിയുടെ 1(2) നമ്പർ തീരുമാന പ്രകാരം താല്ക്കാലികമായി നിശ്ചയിച്ചിട്ടുണ്ട്. 8/5/2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി ഭാഗം 1(3) നമ്പർ തീരുമാന പ്രകാരം ഭൂപ്രദേശങ്ങളെ മേഖലകളായി തിരിച്ചും, വിവിധ റോഡുകൾ തരം തിരിച്ചും താല്ക്കാലികമായി നിശ്ചയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് പരിഷ്കരിച്ച വസ്തു നികുതി നിരക്ക്

സഞ്ചയയിൽ ഉൾപ്പെടുത്തി ഈടാക്കേണ്ടതാണ്.

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം അനുയോജ്യമായ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഫീൽഡ് പരിശോധനയിലൂടെ കൃത്യമാക്കേണ്ടതാണ്. അതിനെത്തുടർന്ന് നികുതി നിർണ്ണയിക്കപ്പെടാത്തതോ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർ നിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്.

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇ്ഇ സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

## 1-11 എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല

കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2007, ചട്ടം 4 പ്രകാരം പഞ്ചായത്തു പ്രദേശത്തിലുൾപ്പെട്ട യാതൊരു സ്ഥലവും 1-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒന്നോ അതിൽ കൂടുതലോ ആവശ്യങ്ങൾക്ക് ലൈസൻസ് കൂടാതെയും അതിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കാൻ പാടില്ല. പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്ത് വാടകയ്ക്ക് നൽകിയ കടമുറികളിൽ പോലും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വിവിധ സ്ഥാപനങ്ങൾ നടത്തുന്നതിലേക്കായി വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ സാമ്പത്തിക വർഷത്തിൽ സ്ഥാപനങ്ങൾ നടത്തുന്നതിലേക്കാവശ്യമായ ലൈസൻസ് എടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | വ്യക്തിയുടെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | ജോർജ്ജ് സെബാസ്റ്റ്യൻ | 9/197 |
| 2 | ലൂസി ബെന്നി | 7/140 |
| 3 | ത്രേസ്യാമ്മ ജോർജ്ജ് | 6/23 |
| 4 | മനോജ് സൈമൺ | 5/181 |
| 5 | ശുഭ പി എം | 9/198 D |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 06/25.07.2023 ന് മറുപടി ലഭ്യമാക്കിയില്ല. സ്വന്തം ഷോപ്പിംഗ് കോംപ്ലക്സ് മുറികളിൽ പോലും ലൈസൻസ് കൂടാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിച്ച സാഹചര്യം ഫീൽഡ് തലത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ ഇടപെടലുകളിലെ വീഴ്ചകളാണ് വെളിവാക്കുന്നത്. ലൈസൻസ് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്ന എല്ലാ സ്ഥാപനങ്ങളും സാധുതയുള്ള ലൈസൻസ് സഹിതമാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ് .

2) റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (2017-ൽ ഭേദഗതി വരുത്തിയത്) 3-ാം ചട്ടത്തിനു കീഴിലുള്ള പട്ടിക ഒന്നിൽ വരുന്ന ഇനമാണ് റേഷൻ കടകൾ. കൂടാതെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019-ലെ (സി. എസ്.) എ 9-764/2019 നമ്പർ ഉത്തരവ് അനുസരിച്ച് റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസിൽ നിന്നും ഒഴിവാക്കിയിട്ടില്ല. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് തൻവർഷം ലൈസൻസ് അനുവദിച്ചു നൽകിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 06/25.07.2023 ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും ലൈസൻസ് അനുവദിക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല

ലൈസൻസ് രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷത്തിൽ 93 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും ₹93,900/- ഫീസിനത്തിൽ വരുമാനം ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ 71 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത് (ലൈസൻസ് ഫീസിനത്തിൽ

വരുമാനം- ₹75800/-). ഹരിത കർമ്മസേന വാർറൂം റിപ്പോർട്ട്സ് പ്രകാരം മരിയാപുരം പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 218 ഓളം വ്യാപാര സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ഇതിന്റെ മൂന്നിലൊന്നിൽ താഴെ സ്ഥാപനങ്ങളെ മാത്രമേ ഗ്രാമപഞ്ചായത്ത് ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളൂ. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 06/25.07.2023 ന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ലായെന്ന് മേൽ പരാമർശിത വസ്തുതകളിൽ നിന്ന് വ്യക്തമാണ്. ഫീൽഡ്തല പരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-12 ഇ-ടെണ്ടർ തുക ജില്ലാപഞ്ചായത്തിൽ അവശേഷിക്കുന്നു.

മുൻ വർഷങ്ങളിൽ ഉൾപ്പെടെ ഇ-ടെണ്ടർ ഫോറവിലയായി ലഭിച്ച തുകകൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് നിക്ഷേപിച്ചിരിക്കുന്നത്. പ്രസ്തുത തുക നാളിതുവരെയായി ഗ്രാമപഞ്ചായത്തിലേയ്ക്ക് ലഭിച്ചിട്ടില്ല. ഇത്തരത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വിവധ വർഷങ്ങളിൽ ലഭിച്ച ₹225958/-യുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | തുക₹ |
|---|---|
| 2017-18 | 55540 |
| 2018-19 | 45472 |
| 2019-20 | 16030 |
| 2020-21 | 50489 |
| 2021-22 | 23557 |
| 2022-23 | 34870 |
| ആകെ | 225958 |

പ്രസ്തുത തുക എത്രയും വേഗം ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

### 1-13 പാലിയേറ്റീവ് കെയർ പ്രൊജക്ട്- വാഹനം വാടകയ്ക്ക് എടുത്തത്

| | |
|---|---|
| പ്രൊജക്ട് നം, പ്രോജക്ട് | 13/23, പാലിയേറ്റീവ് കെയർ |
| അടങ്കൽ | ₹730000/- |
| ബിൽ റെഫറൻസ് നമ്പർ, തീയതി, തുക | 2210125201200107014, 09/01/2023, ₹46400/-<br>2210125201200116802,9/02/2023, ₹36434/-<br>2210125201200299840, 12/7/22, ₹ 140400/-<br>2210125201200434077,20/08/22, ₹23040/-<br>22101252012005392286, 4/9/2022, ₹23040/-<br>2210125201200736254, 5/11/22, ₹147560/-<br>2210125201200884792,9/12/22, ₹46800/- |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ |

അശരണരും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ രോഗികളുടെ പരിചരണത്തിനും അവർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിനുമായുള്ള പാലിയേറ്റീവ് കെയർ പ്രൊജക്ടിനായി (നം.13/23) ₹463674/- തൻവർഷം ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രൊജക്ട് ഫയൽ പരിശോധന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) 29-10-2015-ലെ സ.ഉ.(സാധാ)നം. 3217/2015/ത.സ്വ.ഭ.വ. ഉത്തരവിലും ഇതിന് അനുബന്ധമായി 07-03-2019ൽ പുറപ്പെടുവിച്ച സ.ഉ.(സാധാ)നം. 553/2019/ത.സ്വ.ഭ.വ. ഉത്തരവുകളിലും പാലിയേറ്റീവ് കെയർ പദ്ധതിക്ക് വാഹനം ഉപയോഗിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം തദ്ദേശ സ്വയം ഭരണ

സ്ഥാപനത്തിന്റെയോ ആരോഗ്യ സ്ഥാപനത്തിന്റെയോ വാഹനങ്ങൾ ലഭ്യമാകുന്ന സംഗതിയിൽ വാഹനങ്ങളുടെ ഇന്ധന ചെലവ്, ഡ്രൈവറുടെ വേതനം ഉടങ്ങിയവ ഉൾപ്പെടുത്തി ഒരു ദിവസം വാഹനം ഓടുന്നതിന് ചെലവാകുന്ന നിയമാനുസൃത തുക, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി കണക്കാക്കി ഈ തുക പാലിയേറ്റീവ് ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും എച്ച്.എം.സി. ഫണ്ടിൽ നിന്ന് വഹിക്കേണ്ടതും എച്ച്.എം.സി. ചെലവ് അംഗീകരിക്കേണ്ടതുമാണ്. അത്തരത്തിൽ വാഹനം ലഭിക്കാത്ത പക്ഷം സ്റ്റോർ പർച്ചേസ് മാനദണ്ഡ പ്രകാരം പാലിയേറ്റീവ് ആവശ്യത്തിനായി മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വാഹനമാണ് ഉപയോഗിക്കേണ്ടത്. ഒരു വർഷ കാലാവധിയുള്ള ക്വട്ടേഷൻ പി.എം.സി. അംഗീകരിക്കണം. മരിയാപുരം പി.എച്ച്.സി.-യിൽ പാലിയേറ്റീവ് ഹോം കെയർ ടീം ഉപയോഗിക്കുന്ന വാഹനം ഉപയോഗിക്കുന്ന ദിവസങ്ങളിൽ പ്രതിദിനം ₹1,440/- വീതം ശ്രീ. രാജീവ് നാരായണൻ എന്ന വ്യക്തിക്ക് ബിൽ പ്രകാരം മാറി നൽകിയിട്ടുണ്ട്. എന്നാൽ ടി വ്യക്തിയുടെ വാഹനം 2022-23 വർഷം പാലിയേറ്റീവ് ആവശ്യത്തിന് തിരഞ്ഞെടുത്തതായുള്ള ക്വട്ടേഷൻ ഉൾപ്പെടെയുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 3, 25/07/2023) ക്ക് മറുപടി ലഭ്യമാക്കിയില്ല. എൻക്വയറിയിൽ ആവശ്യപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ഔഷധങ്ങൾ ലഭ്യമാക്കി വിതരണം ചെയ്തിട്ടില്ല

മരിയാപുരം പഞ്ചായത്ത് 2022-23 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിന് കേരള ഹോമിയോപതിക് കോ-ഓപറേറ്റീവ് ഫാർമസി ലിമിറ്റഡിന് തുക കൈമാറിയെങ്കിലും ഔഷധങ്ങൾ ലഭ്യമാക്കി വിതരണം ചെയ്തിട്ടില്ല.

| പ്രോജക്ട് നം. & പ്രോജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | കൈമാറിയ തുക ₹ | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം ₹ | ലഭ്യമാക്കി വിതരണം ചെയ്യുവാനുള്ള മരുന്നുകളുടെ മൂല്യം |
|---|---|---|---|---|---|
